# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 13.03.2017-ൽ |
| നിയമസഭാ ചോദ്യം നം. 3254 | മറുപടിക്ക് |

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സാമ്പത്തിക വർഷമവസാനിക്കാൻ രണ്ടു മാസം മാത്രം ശേഷിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ 25 ശതമാനം തുക പോലും ചെലവഴിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) 2017 ഫെബ്രുവരി 28 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 34% ചെലവഴിച്ചിട്ടുണ്ട്. |
| ബി) മാർച്ച് മാസത്തിൽ തുകയുടെ ഭൂരിഭാഗവും ചെലവഴിക്കുന്ന രീതി ഒട്ടും ഫലപ്രദമല്ലന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) ഉണ്ട്. പദ്ധതി തുകയുടെ കൂടുതൽ ഭാഗവും മാർച്ച് മാസത്തിൽ ചെലവഴിക്കുന്ന രീതി ഫലപ്രദമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി തുകയിൽ നല്ലൊരു ശതമാനം തുക പശ്ചാത്തലമേഖലയിലാണ് ചെലവഴിക്കപ്പെടുന്നത്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട കാലാവധിയുടെ അവസാനം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാലാണ് കൂടുതൽ തുക മാർച്ച് മാസത്തിൽ ചെലവഴിക്കപ്പെടുന്നത്. |
| സി) പദ്ധതി വിഹിതത്തിൽ ഒരോ മാസവും നിശ്ചിത തുകയിൽ കുറയാതെ ചെലവഴിക്കുന്ന രൂപത്തിൽ പദ്ധതി നിർവ്വഹണം രൂപപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | സി) ഉണ്ട്. |

| | | | |
|---|---|---|---|
| ഡി | ഇതിനായി എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന് വിശദമാക്കമോ? | ഡി) | 18.01.2017 ലെ പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയിൽ ചുവടെ പറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.<br>ഒരു വർഷത്തിന്റെ ഓരോ പാദത്തിലും 33% ൽ ($^1/_3$ൽ) കുറയാത്ത തുക ചെലവഴിക്കണമെന്നും മാർച്ച് മാസത്തിൽ 15% ൽ അധികമാകാത്ത തുക മാത്രമേ നിലനിൽക്കാവൂ എന്നും, മാർച്ച് മാസത്തിന് മുമ്പ് തന്നെ ഫണ്ടിന്റെ 85% ചെലവഴിച്ചിരിക്കണം എന്നും തീരുമാനമെടുത്തിട്ടുണ്ട്. ഇത് ഉറപ്പാക്കാൻ പ്രതിമാസ പദ്ധതി വിനിയോഗ അവലോകന യോഗം (MEP) നടത്താനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ